## പ്രവാസം

യു.കെ വാഹിദ്, ഉണ്ണ്യാൽ

പ്രവാസം
പ്രയാസ കടലിന്നു-
മദ്ധ്യേ ഒരു തുരുത്താണ്

പ്രവാസം
സ്വാതന്ത്ര്യത്തിന്റെ ആകാശം
നഷ്ടപ്പെട്ടവരുടെ ഇടമാണ്.

പ്രവാസം
വീട്ടിൽ ഹൃദയം
വെച്ചകന്നവന്റെ-
വിരഹ നോവാണ്

പ്രവാസം
ശൈത്യത്തിൽ ശീതിച്ചും
ഉഷ്ണത്തിൽ വെന്തും-
യൗവ്വനം നഷ്ടപ്പെട്ടവന്റെ
ഉൾവിളിയാണ്.

പ്രവാസി
ജീവിത രേഖയിൽ
പച്ചപ്പ് കുറിക്കാൻ
പാടുപെടുന്നവന്റെ പേരാണ്. ■

## സൗഹൃദം

ജുമൈന
അൽഫ ഇംഗ്ലീഷ് മീഡിയം സ്കൂൾ,
ചെർപ്പുളശ്ശേരി

നമ്മൾ
ഒരു ചെറുചെപ്പിലൊതുങ്ങുന്ന ജീവിതങ്ങൾ
കണ്ട്മുട്ടിയതീ വിദ്യാലയത്തിൽ
ഇരുട്ടും വെളിച്ചവും ഇടതിങ്ങി
ദിവസങ്ങളെപ്പോഴോ കടന്നുപോയി
പേനയും പുസ്തകക്കെട്ടുകളുമായ് നാം
പകലന്തിയോളം
വിരഹ ദുഃഖങ്ങളും ആനന്ദങ്ങളുമീ
സൗഹൃദം ദീർഘിപ്പിച്ചു
എ ഫോർ ഷീറ്റുകൾ പാറിപ്പറന്നു
സൗഹൃദ പൂമ്പാറ്റകൾ ചിറകുകളായ്
ഒരു നീണ്ട തിരക്കിൽ യാത്രാമൊഴിയുമായ്
ഈ വർഷവും കൊഴിഞ്ഞു പോയി
വേർപിരിയാത്തൊരു സൗഹൃദം
മനസ്സിൽ വിളങ്ങുന്നു മൺചിരാതായ് ■

### ഖുർആൻ; അടിസ്ഥാന തത്ത്വങ്ങൾ




മൗലാനാ അബുൽകലാം ആസാദ് രചിച്ച തർജുമാനുൽ ഖുർആനിലെ സൂറഃ ഫാതിഹ വ്യാഖ്യാനം ഖുർആൻ പഠനങ്ങളുടെ മികച്ച ആമുഖമായി പരിഗണിക്കപ്പെടുന്നുണ്ട്. ആസാദിന്റെ പ്രബന്ധ വ്യാഖ്യാനങ്ങളുടെ വിശകലനാത്മകമായ സാരാംശമാണ് 'ഖുർആൻ അടിസ്ഥാന തത്ത്വങ്ങൾ' എന്ന പുസ്തകത്തിൽ. മൗലാനാ അബുൽ കലാം ആസാദിന്റെ വിവർത്തകനും സുഹൃത്തുമായിരുന്ന സയ്യിദ് അബ്ദുല്ലത്വീഫ് പൂർണമായും ആസാദിന്റെ ചിന്തകളെ അവലംബിച്ച് രചിച്ച പുസ്തകമാണിത്. മൊഴിമാറ്റം: തഫ്സൽ ഇഅ്ജാസ്. പ്രസാധനം: അദർ ബുക്സ്. വില 120 രൂപ.

### സൂര്യതാപത്തിൽ




ഫലസ്ത്വീനിലെ മുൻനിര സാഹിത്യകാരന്മാരിൽ ഒരാളാണ് ഗസ്സാൻ കനഫാനി. കുടിയൊഴിക്കപ്പെട്ട ഫലസ്ത്വീൻ ജനതയുടെ വേദനകൾ പച്ചയായി ആവിഷ്കരിക്കുന്നതാണ് ഗസ്സാൻ കനഫാനിയുടെ രചനകൾ. അദ്ദേഹത്തിന്റെ *രിജാലുൻ ഫിശ്ശംസ്* എന്ന അറബി നോവലിന്റെ മലയാള പരിഭാഷയാണ് 'സൂര്യതാപത്തിൽ.' അധിനിവേശത്തിൽ സകലതും നഷ്ടപ്പെട്ടവരാണ് നോവലിലെ കഥാപാത്രങ്ങൾ. ഒരു തിരക്കഥ പോലെ എഴുതിയ ഈ നോവൽ സിനിമയാവുകയും അതിന് ഒട്ടേറെ ഫിലിം അവാർഡുകൾ ലഭിക്കുകയും ചെയ്തു. വിവ: അശ്റഫ് കീഴുപറമ്പ്. പ്രസാധനം: ഐ.പി.എച്ച്. വില 70 രൂപ.

Vol. No: 71 Issue No. 01 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla